**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4429** — **17.12.2014** ൽ മറുപടിക്ക്

**റാന്നി ഗവൺമെന്റ് ഐ.ടി.ഐ. യ്ക്ക് ഭൂമി ലഭ്യമാക്കുന്നതിനു നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) പി.ഐ.പി. യുടെ വകയിലുള്ള റാന്നി ഉതിമുട്ടിലെ വസ്തു റാന്നി ഗവൺമെന്റ് ഐ.ടി.ഐ. യ്ക്ക് കൈമാറണവെന്നാവശ്യപ്പെട്ട് റാന്നി എം.എൽ.എ എന്നാണ് വകുപ്പ് മന്ത്രിക്കു കത്തു നൽകിയത്; എത്ര ഭൂമിയാണ് ഇങ്ങനെ കൈമാറാനായി ആവശ്യപ്പെട്ടത്; ഇതു സംബന്ധിച്ച് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അനുമതി നൽകിയത്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;<br><br>(ബി) പ്രസ്തുത ഭൂമി എംപ്ലോയ്മെന്റ് ആന്റ് ട്രയിനിംഗ് ഡിപ്പാർട്ടുമെന്റിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ;<br><br>(സി) പ്രസ്തുത ഭൂമി അടിയന്തിരമായി കൈമാറുന്നതിനു എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) (ബി) & (സി) റാന്നി ഗവൺമെന്റ് ഐ.റ്റി.ഐ ക്ക് വേണ്ടി 12-05-2010 ൽ 4 ഏക്കറും, 19-06-2012 ൽ 3 ഏക്കറും ഭൂമി വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. രാജു എബ്രഹാം എം.എൽ.എ ബഹു. ജലവിഭവ വകുപ്പ് മന്ത്രിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. 27-06-2014 ലെ 30863/ഐആർ 1/12/ജവിവ നം. കത്ത് പ്രകാരം 0.749 ഹെക്ടർ ഭൂമി ഈ ആവശ്യത്തിനായി വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി വിട്ടുനൽകുവാൻ ജലവിഭവ വകുപ്പ് അനുമതി നൽകി തുടർ നടപടികൾ കൈക്കൊള്ളുവാൻ പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. അതിനെ തുടർന്ന് ഭൂമി വിട്ടു നൽകി ഉത്തരവാകുന്നതിനു വേണ്ട 22-12-2000 ലെ സ.ഉ.(കൈ) 387/2000/റവ. എന്ന ഉത്തരവ് വ്യവസ്ഥ ചെയ്യുന്ന തുടർ നടപടികൾ കൈക്കൊണ്ട് വരികയാണ്. |

സെക്ഷൻ ഓഫീസർ